# ഭൗതികാസക്തിയും ആത്മീയ തീവ്രതയും

**عَنْ سَهْلِ بنِ سَعْدٍ السَّاعِدِيِّ رَضِيَ اللهُ عَنْهُ قَالَ: جَاءَ رَجُلٌ إِلَى النَّبِيِّ صَلَّى اللهُ عَلَيْهِ وَسَلَّمَ فَقَالَ: يَا رَسُولَ اللهِ دُلَّنِي عَلَى عَمَلٍ إِذَا عَمِلْتُهُ أَحَبَّنِيَ اللهُ وَأَحَبَّنِيَ النَّاسُ. فَقَالَ: ازْهَدْ فِي الدُّنْيَا يُحِبَّكَ اللهُ، وَازْهَدْ فِيمَا فِي أَيْدِي النَّاسِ يُحِبَّكَ النَّاسُ (رَوَاهُ ابْنُ مَاجَه. حسنه الإمام النووي في الأربعين وذكره الألباني في الصحيحة).**

**സഹ്‌ലുബ്‌നു സഅ്ദിസ്സാഇദി (റ) നിവേദനം ചെയ്യുന്നു: ഒരാൾ പ്രവാചക സന്നിധിയിൽ വന്ന് പറഞ്ഞു: "പ്രവാചകരേ, എനിക്ക് ഒരു കർമം അറിയിച്ചുതന്നാലും, ഞാനത് ചെയ്താൽ അല്ലാഹുവും ജനങ്ങളും എന്നെ ഇഷ്ടപ്പെടണം." നബി പറഞ്ഞു: "നീ ഐഹിക വിഭവങ്ങളിൽ വിരക്തനാവുക, അല്ലാഹു നിന്നെ ഇഷ്ടപ്പെടും. ജനങ്ങളുടെ കൈകളിലുള്ളതിൽ വിരക്തനാവുക, ജനങ്ങൾ നിന്നെ ഇഷ്ടപ്പെടും" (ഇബ്‌നുമാജ. ഇമാം നവവി (റ) *നാൽപതു ഹദീസുകളി*ലും, ശൈഖ് അൽബാനി *സ്വഹീഹി*ലും ഉദ്ധരിച്ചത്).**

ഇസ്‌ലാമിന്റെ ജീവിത വീക്ഷണം പഠിപ്പിക്കുകയാണ് ഈ ഹദീസിലൂടെ. സുഹ്ദ് എന്ന പദത്തിന് വർജനം, വിരക്തി, നിയന്ത്രണം, പരിത്യാഗം, കുറഞ്ഞതുകൊണ്ട് തൃപ്തിപ്പെടൽ, അനാസക്തി എന്നിങ്ങനെ അർഥം നൽകാം. ഐഹിക ജീവിതാനന്ദം വെടിയലോ ധനം ഉപേക്ഷിക്കലോ സന്യാസം സ്വീകരിക്കലോ പരിത്യാഗിയായി മാറലോ അല്ല സുഹ്ദ്. അത് ഇസ്‌ലാമിക ജീവിത വീക്ഷണത്തിന് എതിരാണ്. സുകൃതങ്ങൾ ചെയ്ത് പരലോക വിജയം നേടാൻ പരിശ്രമിക്കുകയും ഇഹലോക ജീവിതാസക്തിയിൽ പരലോകത്തെ വിസ്മരിക്കാതിരിക്കുകയും ഭൗതിക സുഖഭോഗങ്ങളിൽ അത്യാർത്തി ഇല്ലാതിരിക്കുകയും ജീവിതാലങ്കാരങ്ങളിൽ അഭിരമിക്കുന്നതിൽ ആസക്തനാകാതിരിക്കുകയും ചെയ്യുക എന്നാണ് സുഹ്ദിന്റെ വിവക്ഷ.

ജനങ്ങളിൽനിന്നകന്ന് ഒറ്റപ്പെട്ട ജീവിതം നയിക്കുകയോ താണതരം വസ്ത്രങ്ങൾ ധരിക്കുകയോ സമൂഹ സംസ്‌കരണ പ്രവർത്തനങ്ങളിൽ പങ്കാളിത്തം വഹിക്കാതിരിക്കുകയോ അല്ല ഇസ്‌ലാം പഠിപ്പിക്കുന്ന സുഹ്ദ്. ഹറാമായ കാര്യങ്ങളിൽ നിന്നകന്നുനിന്ന് സുഖലോലുപതയും സുഖാഡംബരങ്ങളും ഒഴിവാക്കി സൽപ്രവർത്തനങ്ങളിലൂടെ പരലോക ജീവിതവിജയത്തിന് പാഥേയമൊരുക്കുകയാണത്. പരലോക ജീവിതവിജയത്തിന് ഗുണകരമല്ലാത്തതെല്ലാം ഉപേക്ഷിക്കുകയാണ് സുഹ്ദിന്റെ താൽപര്യം. താങ്കളുടെ സുഹ്ദിന്റെ രഹസ്യമെന്തെന്ന് ഒരാൾ ഇമാം ഹസനുൽ ബസ്വരി(റ)യോട് ചോദിച്ചപ്പോൾ അദ്ദേഹം പറഞ്ഞു: ''നാല് കാര്യങ്ങളാണത്. ഒന്ന്, എന്റെ ഉപജീവനം മറ്റൊരാൾ എടുക്കുകയില്ലെന്നു ഞാൻ മനസ്സിലാക്കുന്നു. അങ്ങനെ എന്റെ ഹൃദയം സംതൃപ്തമായി. രണ്ട്, എന്റെ കർമം മറ്റൊരാൾ നിർവഹിക്കുകയില്ലെന്നു ഞാൻ ഗ്രഹിച്ചു. അതിനാൽ ഞാൻ സ്വയമത് ചെയ്തു. മൂന്ന്, അല്ലാഹു എന്നെ വീക്ഷിക്കുന്നുവെന്ന് ഞാനറിഞ്ഞു. ദൈവധിക്കാരം പ്രവർത്തിക്കുന്നവനായി അല്ലാഹു എന്നെ കാണുന്നത് ഞാൻ ലജ്ജിക്കുന്നു. നാല്, മരണം എന്നെ കാത്തിരിക്കുന്നതായി ഞാൻ അറിഞ്ഞു. അതിനാൽ എന്റെ നാഥനെ കണ്ടുമുട്ടുന്നതിനു വേണ്ടി ഞാൻ പാഥേയം തയാറാക്കുന്നു.''

സുഹ്ദ് അടിസ്ഥാനപരമായി മനസ്സിലാണുണ്ടാവേണ്ടത്. പ്രവാചകൻ (സ) പറഞ്ഞു: ''ഐഹിക ജീവിതത്തിലെ സുഹ്ദ് ഹലാലുകൾ നിഷിദ്ധമാക്കുകയോ ധനം നഷ്ടപ്പെടുത്തിക്കളയുകയോ അല്ല. പ്രത്യുത, നിന്റെ കൈയിലുള്ളതിനേക്കാൾ ഉറപ്പ് അല്ലാഹുവിങ്കലുള്ളതിൽ ആയിരിക്കലാണ്'' (അഹ്മദ്). ഫുദൈലുബ്‌നു ഇയാദ് (റ) പറഞ്ഞു: ''അല്ലാഹുവിനെ സംബന്ധിച്ച സംതൃപ്തിയാകുന്നു സുഹ്ദ്.'' അല്ലാഹുവിൽ അടിയുറച്ച വിശ്വാസവും അവന്റെ തീരുമാനത്തിൽ സംതൃപ്തിയുമുള്ളവന് ഏതൊരു ആപത്ത് ബാധിച്ചാലും നിസ്സാരമായി അനുഭവപ്പെടും.

ഐഹിക ജീവിതത്തിന് ആവശ്യമായത് സമ്പാദിക്കാൻ പ്രയത്‌നിക്കുന്നതോ ജീവിതം ആസ്വദിക്കുന്നതോ സുഹ്ദിന് വിരുദ്ധമാകുന്നില്ല. അല്ലാഹു നിഷിദ്ധമാക്കിയവ ഉപേക്ഷിച്ചും പരലോക ബോധത്തിൽനിന്ന് തെറ്റിക്കുന്നതിൽനിന്ന് അകന്നും അനുവദനീയ കാര്യങ്ങൾ ചെയ്തും നല്ല വസ്തുക്കൾ ഉപയോഗിച്ചും നയിക്കുന്നതാണ് സുഹ്ദിലധിഷ്ഠിതമായ ജീവിതം. അങ്ങനെ ജീവിക്കുന്നവന് അല്ലാഹുവിന്റെ സ്‌നേഹം കരസ്ഥമാക്കാൻ കഴിയും. ഇബ്‌റാഹീമുബ്‌നു അദ്ഹം പറയുന്നു: ''നിഷിദ്ധ കാര്യങ്ങളിൽനിന്ന് അകന്നുനിൽക്കുകയും അനുവദനീയ കാര്യങ്ങളിൽ മിതത്വം പാലിക്കുകയും സംശയാസ്പദമായ കാര്യങ്ങളിൽനിന്ന് അകലം പാലിക്കുകയും ചെയ്യുകയാണ് സുഹ്ദ്''(ജാമിഉൽ ഉലൂമി വൽഹികം-ഇബ്‌നുറജബ്).

പ്രവാചകന്റെ ജീവിതം നമുക്ക് മാതൃകയാണ്. അവിടുന്ന് കുടുംബജീവിതം നയിച്ചു. കച്ചവടവും കൃഷിയും ചെയ്തു. യുദ്ധം നയിച്ചു. ആരാധനാകർമങ്ങളനുഷ്ഠിച്ചു. നന്മ കൽപിച്ചു, തിന്മ വിരോധിച്ചു. കളിവിനോദങ്ങളിൽ ഏർപ്പെട്ടു. സ്വഹാബിമാരും തുടർന്നുവന്ന തലമുറയും പ്രഗത്ഭരായ ഇമാമുകളും ഇതേ പാത പിന്തുടർന്നു. അവരിലാരും ജീവിത വ്യവഹാരങ്ങളിൽനിന്ന് ഒളിച്ചോടിയില്ല. അമിതമായ ഭൗതികാസക്തിയും അമിതമായ ആത്മീയതയും ഇസ്‌ലാം അംഗീകരിക്കുന്നില്ല. ഭൗതിക ജീവിതത്തിലെ തീവ്രതയും ആത്മീയതയിലെ തീവ്രതയും ഇസ്‌ലാം നിരാകരിക്കുന്നു. ●